ജയിലാസ്ഥാനകാര്യാലയം ,
തിരുവനന്തപുരം ,
തീയതി: 08-01-2020

## സർക്കുലർ 02.

വിഷയം : തടവുകാരുടെ അക്രമാസക്തമായ സ്വഭാവം മാറ്റുന്നതിന് ,കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്

ചില ജയിലുകളിലെ ചില തടവുകാരുടെ അക്രമാസക്തമായ സ്വഭാവം മൂലം ജയിലിനുള്ളിലും പൊതു സ്ഥലങ്ങളിലും കോടതികളിലും അനിഷ്ട സാഹചര്യങ്ങളുണ്ടാകുന്നത് വാർത്തയാകുന്ന സാഹചര്യത്തിൽ തടവുകാർക്കിടയിൽ ആത്മ നിയന്ത്രണത്തിനായി കൗൺസിലിംഗ് /ബോധവൽക്കരണ ക്ലാസ്സുകൾ ആഴ്ചയിൽ 2 ദിവസമെങ്കിലും നടത്തേണ്ടത് അനിവാര്യമാണ്. ഒട്ടു മിക്ക ജയിലുകളിലും തടവുകാരെ കോടതിയിൽ കൊണ്ടു പോകുമ്പോൾ പോലീസുകാർ ആക്രമിക്കപ്പെടുന്ന സംഭവങ്ങൾ ഇപ്പോൾ വർദ്ധിച്ചുവരുന്നു. രണ്ട് ദിവസം മുമ്പ് ബീഡി കൊടുത്തില്ല എന്നതിന്റെ പേരിൽ എസ്കോർട്ട് പോയ എസ്.ഐ യെ തടവുകാരൻ മർദ്ദിക്കുകയുണ്ടായി. ഇതുപോലെയുള്ള അനിഷ്ട സംഭവങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ ആദ്യമായി യോഗ ക്ലാസ്സുകൾ ആഴ്ചയിൽ 2 ദിവസമെങ്കിലും മാതാ അമൃതാനന്ദമയി മഠം, ആർട്ട് ഓഫ് ലീവിംഗ്, ലയൺസ് ക്ലബ് , റോട്ടറി ക്ലബ് തുടങ്ങിയ നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ മുഖാന്തിരമോ, സ്പോർട്സ് കൗൺസിൽ / സായി എന്നിവ മുഖേനയോ നിർബന്ധമായും സ്ഥാപന മേധാവികൾ നടപ്പിലാക്കേണ്ടതാണ്. കൂടാതെ മനോരോഗവിദഗ്ധന്റെയോ / കൗൺസിലറുടെയോ, എക്സൈസ് വകുപ്പിന്റെ 'വിമുക്തി' മുഖാന്തിരമോ ആഴ്ചയിൽ ഒരു ദിവസമെങ്കിലും തടവുകാർക്ക് സൂപ്രണ്ടുമാർ നിർബന്ധമായും ബോധവൽക്കരണ ക്ലാസ്സുകൾ നൽകേണ്ടതാണ്.

ഋഷിരാജ് സിംഗ് ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും